A

സമഗ്ര ശിക്ഷാ കേരളം

402

# ആത്യന്തിക വിലയിരുത്തൽ III 2025-2026

# മലയാളം

ക്ലാസ്: 4 — സമയം: 2 മണിക്കൂർ 15 മിനിട്ട്

കുട്ടിയുടെ പേര്: ..............................

വിദ്യാലയത്തിന്റെ പേര്: ..............................

ഡിവിഷൻ: ..............................

ടീച്ചറുടെ ഒപ്പ്: ..............................

രക്ഷിതാവിന്റെ ഒപ്പ്: ..............................

| ക്രമ നം. | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം, എഴുതാം | |
| 2 | ഡയറി തയ്യാറാക്കാം | |
| 3 | ചിഹ്നം ചേർക്കാം | |
| 4 A | കത്ത് തയ്യാറാക്കാം | |
| 4 B | ദൃക്സാക്ഷി വിവരണം തയ്യാറാക്കാം | |
| 5 A | പ്രസംഗം തയ്യാറാക്കാം | |
| 5 B | പത്രവാർത്ത തയ്യാറാക്കാം | |
| | ഓവറോൾ ഗ്രേഡ് | |

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- 5 പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

## പ്രവർത്തനം 1-വായിക്കാം, എഴുതാം

**തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതു.**

ജിത്തു ഓട്ടമത്സരത്തിന് തയ്യാറായി നിൽക്കുകയാണ്. "മൂന്നാമത്തെ മെഡൽകൂടി ലഭിച്ചാൽ നീയാണ് ഇത്തവണത്തെ ചാമ്പ്യൻ!" ജമീലടീച്ചറുടെ വാക്കുകൾ ഓർത്തപ്പോൾ അവന്റെ മുഖത്ത് സ്വർണ്ണമെഡൽത്തെളിച്ചം! മത്സരം ആരംഭിച്ചു. ശരവേഗത്തിലോടുന്ന അവന് തൊട്ടുമുന്നിലായി ജോസ് ഉണ്ട്. ഫിനിഷിംഗ് ലൈനിനടുത്തെത്താറായി. കാണികൾ ഹർഷാരവത്തോടെ കൈയടിക്കുന്നു. പെട്ടെന്നാണ് അവനത് കണ്ടത്. ജോസിന്റെ വേഗത കുറഞ്ഞു വന്ന് അവൻ വീഴാൻ പോകുന്നു. ജിത്തു മറ്റൊന്നും ആലോചിച്ചില്ല. ജോസിനെ ചേർത്തു പിടിച്ചു. ആ ചേർത്തു പിടിക്കലിൽ ജോസ് കരുത്ത് വീണ്ടെടുത്ത് ഫിനിഷിംഗ് പോയിന്റും കടന്ന് ഒന്നാമതെത്തി. തൊട്ടു പിറകെ ജിത്തു രണ്ടാമതായും ഫിനിഷ് ചെയ്തു. കാണികൾ ഇരമ്പിയാർത്തു. ജമീല ടീച്ചർ ഓടിവന്നു ചോദിച്ചു, "എന്തുപറ്റി കുഞ്ഞേ?" ജിത്തു പറഞ്ഞു. "അവൻ വീണു പോയിരുന്നെങ്കിൽ അവന് ഒരു മെഡൽ പോലും കിട്ടില്ലായിരുന്നു ടീച്ചറേ. എനിക്ക് വേറെയും മെഡലൊക്കെ കിട്ടിയല്ലോ". ടീച്ചർ ജിത്തുവിനെ സ്നേഹത്തോടെ ചേർത്തുപിടിച്ചു. വിജയപീഠത്തിൽ സ്വർണ്ണമെഡൽ ജേതാവായ ജോസിനോടൊപ്പം നിന്നുകൊണ്ട് വെള്ളിമെഡൽ സ്വീകരിക്കുമ്പോൾ അവന്റെ മുഖത്ത് തെളിഞ്ഞ വെള്ളിവെളിച്ചം

തുരുതുരാ മിന്നിയ ക്യാമറകളുടേതായിരുന്നില്ല; അഭിമാനത്തിന്റേതായിരുന്നു. ആ വെളിച്ചത്തിൽ ടീച്ചറുടെ കണ്ണുകൾ നിറയുന്നത് അവനറിഞ്ഞു. അവരുടെ മുഖത്ത് അഭിമാനത്തിന്റെ പുഞ്ചിരി വിടർന്നു. കായികമേളയ്ക്ക് കൊടിയിറങ്ങുമ്പോൾ അവന്റെ മനസ്സിൽ സന്തോഷം അലതല്ലുകയായിരുന്നു.

a) കഥയിൽ ജിത്തു അതിവേഗത്തിൽ ഓടി എന്നു സൂചിപ്പിക്കുന്ന പദം ഏത്?

A. ശരവേഗത്തിലോടി
B. അലതല്ലി
C. ആഞ്ഞുതള്ളി
D. ആവേശം തോന്നി

b) 'ഹർഷാരവം' എന്ന പദം പിരിച്ചെഴുതിയാൽ

A. ഹർഷം+ രവം
B. ഹർഷ+ആരവം
C. ഹർഷാ+രവം
D. ഹർഷാ+ആരവം

c) ജമീല ടീച്ചറിന്റെ കണ്ണുകൾ നിറഞ്ഞത് എന്തിനായിരിക്കും?

A. ജിത്തുവിന് വെള്ളി മെഡൽ ലഭിച്ചതുകൊണ്ട്
B. ജോസ് ജിത്തുവിനെ തോല്പിച്ചതുകൊണ്ട്
C. ജിത്തുവിന് സ്വർണ്ണമെഡൽ ലഭിക്കാത്തതുകൊണ്ട്
D. ജോസ് ജയിക്കാൻ ജിത്തു സഹായിച്ചതുകൊണ്ട്

d) കായികമേളയ്ക്ക് <u>കൊടിയിറങ്ങി.</u>

അടിവരയിട്ട പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

A. കായികമേള ആരംഭിച്ചു.
B. കായികമേള അവസാനിച്ചു.
C. കായികമേള മാറ്റിവച്ചു.
D. കായികമേളയ്ക്ക് കൊടികെട്ടി.

e) <u>വെള്ളിമെഡൽ</u> സ്വീകരിക്കുമ്പോൾ അവന്റെ മുഖത്ത് തെളിഞ്ഞ <u>വെള്ളിവെളിച്ചം</u> അഭിമാനത്തിന്റേതായിരുന്നു.

അടിവരയിട്ട പദങ്ങളുടെ ശരിയായ അർഥം താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെയാണ്?

i. വെള്ളി കൊണ്ടുണ്ടാക്കിയ മെഡൽ

ii. വെള്ളി കൊണ്ടുണ്ടാക്കിയ വെളിച്ചം

iii. വെള്ളി പോലുള്ള മെഡൽ

iv. വെള്ളി പോലുള്ള വെളിച്ചം

A. i ഉം ii ഉം ശരിയാണ്

B. ii ഉം iv ഉം ശരിയാണ്

C. i ഉം iv ഉം ശരിയാണ്

D. ii ഉം iii ഉം ശരിയാണ്

## പ്രവർത്തനം 2- ഡയറി തയ്യാറാക്കാം

ജിത്തുവിന്റെയും ജോസിന്റെയും ഓട്ടമത്സരം കണ്ട നിങ്ങൾ അന്നേ ദിവസം എഴുതുന്ന ഡയറി തയ്യാറാക്കൂ.

## പ്രവർത്തനം 3 – ചിഹ്നം ചേർക്കാം.

ചക്ക മാങ്ങ പപ്പായ തുടങ്ങി നാടൻ പഴങ്ങളുടെ ഗുണങ്ങളെക്കുറിച്ച് ടീച്ചർ ക്ലാസെടുത്തത് ഓർത്തു നിൽക്കുകയായിരുന്നു അപ്പു എന്ത് നല്ല മാമ്പഴം നിനക്ക് വേണോ റാഫിയുടെ ചോദ്യം അവനെ ചിന്തയിൽ നിന്നുണർത്തി

**മുകളിൽ നൽകിയ വാക്യങ്ങളിൽ ഉചിതമായ ചിഹ്നം ചേർത്ത് എഴുതൂ.**

**പ്രവർത്തനം 4 ൽ 4A, 4 B എന്നിങ്ങനെ രണ്ടു പ്രവർത്തനങ്ങൾ ഉണ്ട്. ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.**

## 4A) കത്ത് തയ്യാറാക്കാം.

'കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ' എന്ന കഥയിലെ ചിണ്ടൻ തന്റെ ചിന്നുത്തത്തയെ കൂടുതുറന്നു പറത്തിവിട്ടത് വായിച്ചില്ലേ? അങ്ങനെ സ്വതന്ത്രമായ ആകാശം തിരിച്ചു കിട്ടിയ ചിന്നുത്തത്ത കാട്ടിലെ തന്റെ കൂട്ടുകാരുടെ അടുത്തെത്തി. അവൾ സന്തോഷസൂചകമായി ചിണ്ടന് കത്തെഴുതി. എങ്ങനെയായിരിക്കാം ആ കത്ത് എഴുതിയിട്ടുണ്ടാവുക? എഴുതി നോക്കൂ.

അല്ലെങ്കിൽ

**4B) ദൃക്സാക്ഷി വിവരണം തയ്യാറാക്കാം.**

ക്രിക്കറ്റ്, കബഡി, ഫുട്ബോൾ, വോളിബോൾ, വടംവലി തുടങ്ങി നിരവധി കളികൾ നിങ്ങൾക്ക് പരിചിതമാണല്ലോ. നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലുമൊരു കളി കണ്ടുകൊണ്ടിരിക്കുമ്പോൾ, കളിയിലെ ചലനങ്ങളും ആവേശകരമായ നിമിഷങ്ങളും ഉൾപ്പെടുത്തി മറ്റുള്ളവർക്കുകൂടി കളി അനുഭവവേദ്യമാകുന്ന തരത്തിൽ ഒരു ദൃക്സാക്ഷി വിവരണം തയ്യാറാക്കൂ.